(സി) ജലസംരക്ഷണത്തിനും ജലശുദ്ധീകരണത്തിനുമായുള്ള ഗൃഹ സന്ദർശന സന്ദേശ പ്രചാരണ പരിപാടിയുടെ ഭാഗമായി പതിനൊന്നായിരം മഹിളാ പ്രധാൻ ഏജന്റുമാരെ ടി വിഷയത്തിൽ പരിശീലിപ്പിക്കുക, ജല സംരക്ഷണം, ജല ഗുണനിലവാരം, മഴവെള്ള സംഭരണം എന്നീ വിഷയങ്ങളിൽ അറിവ് പകരുന്ന ജലശ്രീ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്യുക, ജല സംരക്ഷണം അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും എത്തിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) കപ്പാസിറ്റി & കമ്മ്യൂണിക്കേഷൻ ഡെവലപ്മെന്റ് യൂണിറ്റും ധനകാര്യ വകുപ്പും ദേശീയ സമ്പാദ്യ പദ്ധതിയുമായി സഹകരിച്ചാണ് ജലസമ്പാദ്യ പദ്ധതി സംഘടിപ്പിക്കുന്നത്. ദേശീയ സമ്പാദ്യ പദ്ധതിയുടെ പതിനൊന്നായിരം ഏജന്റുമാരെ പ്രസ്തുത വിഷയങ്ങളിൽ പരിശീലിപ്പിച്ച് 80 ലക്ഷം വരുന്ന ഗൃഹങ്ങളിൽ സന്ദർശനം നടത്തി സന്ദേശ പ്രചരണം നടത്തുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

## ജലസ്രോതസ്സ് സംരക്ഷണ പദ്ധതി

178 (889) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഈ പദ്ധതികളുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

## ഉത്തരം

(എ) ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും മലിനീകരണ നിയന്ത്രണത്തിനും സുസ്ഥിരതയ്ക്കുമായി വിവിധ പദ്ധതികൾ ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നു. നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും നദീതടത്തിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ (Repairs Renovation and Restoration of ponds) സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുഴകളുടെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്താൻ ലക്ഷ്യമിട്ട് ആവശ്യമുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നു. കൂടാതെ, കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളായി പ്രവർത്തിക്കുന്ന കിണറുകളുള്ളിടത്ത് ഓരുജല പ്രതിരോധ (താല്ക്കാലികമായി നിർമ്മിക്കുന്നവ ഉൾപ്പെടെ) പ്രവൃത്തികൾ ഏറ്റെടുത്തുവരുന്നു.

സംസ്ഥാനത്തെ ദീർഘകാല ജലസുരക്ഷ ലക്ഷ്യമിട്ട് നദീതട അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പിലെ രൂപകല്പനയും ഗവേഷണവും വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഭാരതപ്പുഴ നദീതടത്തിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

തടാകങ്ങളുടെയും കായലുകളുടെയും സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികളും ജലചേന വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് - കോഴിക്കോട്, സെസ്സ്-തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള സംരക്ഷണ പ്രവൃത്തികളും ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി-ഡി) ഗാർഹിക, കാർഷിക, വ്യാവസായിക ആവശ്യങ്ങൾക്ക് സുസ്ഥിരമായി ജലം നൽകുക എന്നതാണ് മുഖ്യ ലക്ഷ്യം. ഇതോടൊപ്പം പരിസ്ഥിതി സന്തുലനം, ഭൂഗർഭജല പരിപോഷണം, കന്നുകാലി വളർത്തലി നാവശ്യമായ ജലം ലഭ്യമാക്കൽ എന്നിവയും ലക്ഷ്യങ്ങളിൽപ്പെടുന്നു. ഇതിലേക്കായി സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, നബാർഡ് എന്നിവയ്ക്കുപുറമെ ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, പഞ്ചായത്തുകൾ എന്നിവയുടെ ഏകോപനവും സഹകരണവും പദ്ധതികളുടെ നടത്തിപ്പിൽ ലഭ്യമാണ്.

ജലസുരക്ഷ ഉറപ്പാക്കുന്നതിനും വരൾച്ച പ്രതിരോധിക്കുന്നതിനും വേണ്ടിയാണ് ഇത്തരം വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നത്. ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് വേനൽക്കാലത്ത് ക്രമാതീതമായി താഴുന്നത് ഒഴിവാക്കാൻ കായലിന് സമീപത്തെ മറ്റ് ജലസ്രോതസ്സുകളിൽ നിന്ന് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി, സാദ്ധ്യമാകുന്നിടങ്ങളിൽ പാലക്കാട് ജില്ലയിലെ കുളങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവ കൂടി ഏറ്റെടുക്കാൻ ലക്ഷ്യമിടുന്നുണ്ട്.